**പതിമൂന്നാം കേരള നിയമസഭ.**
**ഒൻപതാം സമ്മേളനം.**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.**T-5325** **02/07/2013** ൽ മറുപടിയ്ക്ക്

# ക്രഷറുകളും പാറമടകളും പ്രവർത്തിക്കുന്നതിനുള്ള അനുമതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ. രാജു എബ്രഹാം** | | **ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്ത് ക്രഷറുകളും, പാറമടകളും പ്രവർത്തിക്കുന്നതിന് ഏതൊക്കെ അനുമതി പത്രങ്ങളാണ് ഓരോന്നിനും ലഭിക്കേണ്ടത് എന്ന് ഇനം തിരിച്ച് വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് ക്വാറിയും ക്രഷറുകളും പ്രവർത്തിപ്പിക്കുന്നതിന് താഴെപ്പറയുന്ന അനുമതി പത്രങ്ങളാണ് കരസ്ഥമാക്കേണ്ടത്.<br><br>**ക്വാറി**<br>1. 1967 ലെ കേരള മൈനർ മിനറൽ കൺസഷൻ (KMMC) ചട്ട പ്രകാരം ബന്ധപ്പെട്ട അധികാരികളിൽ നിന്നും ലഭിച്ച ക്വാറീയിംഗ് പെർമിറ്റ്/ ക്വാറീയിംഗ് ലീസ്.<br>2. എക്സ്പ്ലോസീവ് ലൈസൻസ് (Form 22).<br>3. പൊലൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതി പത്രം.<br>4. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഡി & ഒ ലൈസൻസ്.<br><br>**ക്രഷർ യൂണിറ്റ്**<br>ക്രഷർ യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് മൈനിംഗ് & ജിയോളജി വകുപ്പിന്റെ അനുമതി ആവശ്യമില്ല. ക്രഷർ യൂണിറ്റുകൾ പ്രവർത്തിപ്പിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അനുമതിയും കേരള സംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ 'കൺസെന്റ് ടു ഓപ്പറേറ്റ്' എന്ന അനുമതിയും ആവശ്യമാണ്. |
| (ബി) | ക്രഷറുകളിലും പാറമടകളിലും ഓരോ ദിവസവും എത്ര | (ബി) | 1967 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ |

| | | |
|---|---|---|
| | അളവിലാണ് പാറപൊട്ടിച്ച് നീക്കേണ്ട തെന്നോ, ഒരോ പാറമടകളിലും എത്രത്തോളം ഉയരത്തിലും താഴ്ചയിലും പാറപൊട്ടിക്കാം എന്നോ അനുമതി നൽകുന്ന ബന്ധപ്പെട്ട സ്ഥാപനങ്ങൾ നിഷ്കർഷിക്കാറു ണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; ഇതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ നിശ്ചയിച്ച് സർക്കാർ ഉത്തരവായിട്ടു ണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; | ഖനന പെർമിറ്റ് അനുവദിക്കുമ്പോൾ പൊട്ടിച്ചുമാറ്റാവുന്ന പാറയുടെ അളവ് നിഷ്കർഷിച്ചിട്ടില്ല. എന്നാൽ അപ്രകാരം അല്ലാത്ത ക്വാറികളിൽ റോയൽറ്റി ഒടുക്കുന്നതനുസരിച്ചുള്ള അളവിൽ മാത്രമേ കരിങ്കല്ല് ഖനനം ചെയ്യാവൂ. ക്വാറിയിംഗ് ലീസനുവദിച്ചിട്ടുള്ള ക്രഷർ ഉടമകൾക്ക് രജിസ്റ്റേഡ് മെറ്റൽ ക്രഷർ യൂണിറ്റ് പ്രകാരം പൊട്ടിയ്ക്കാവുന്ന കല്ലിന്റെ അളവ് ക്ലിപ്തപ്പെടുത്തിയിട്ടില്ല. 1967 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 8 (1) പ്രകാരം അനുവദിക്കുന്ന ക്വാറിയിംഗ് പെർമിറ്റ് പ്രകാരം ക്വാറി പ്രവർത്തിക്കുമ്പോഴുണ്ടാകുന്ന കുഴികളുടെ ആഴം 20 അടിയിൽ കൂടുതൽ ആകരുതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ടി ചട്ട പ്രകാരം 12 വർഷം വരെ അനുവദിക്കുന്ന ക്വാറിയീംഗ് ലീസ് പ്രകാരം ഖനനം നടത്തുമ്പോൾ കുഴിയുടെ ആഴം 20 അടിയിൽ കൂടുതൽ ആയാൽ മൈൻ സേഫ്റ്റി നിയമ പ്രകാരമാണ് ക്വാറി പ്രവർത്തനം നടത്തേണ്ട ത്. |
| (സി) | നിഷ്കർഷിച്ചിട്ടുള്ളതിനേക്കാൾ പാറപൊട്ടിച്ചു മാറ്റുന്നു ണ്ടോ എന്നു പരിശോധിക്കാൻ നിലവിൽ ഏതൊക്കെ സംവിധാനമാണുള്ളത്; ആർക്കൊക്കെയാണ് ഇതിന്റെ ചുമതലയുള്ളത്; ചുമതലയുള്ളവർ ഇക്കാര്യങ്ങൾ കൃത്യമായി ചെയ്യുന്നോ എന്ന് നിരീക്ഷിക്കാൻ സംവിധാനമുണ്ടോ; എങ്കിൽ എന്തൊക്കെ എന്നു വിശദമാക്കുമോ; | (സി) നിഷ്കർഷിച്ചിട്ടുള്ളതിനെക്കാൾ പാറ പൊട്ടിച്ച മാറ്റുന്നുണ്ടോ എന്ന് പരിശോധിക്കാൻ ഓരോ ജില്ലയിലെ അതാത് ജിയോളജിസ്റ്റ്, അസിസ്റ്റന്റ് ജിയോളജിസ്റ്റ്, മിനറൽ റവന്യൂ ഇൻസ്പെക്ടർ എന്നിവരെയും കേരള മിനറൽ സ്ക്വാഡിലെ ജിയോളജിസ്റ്റ്, അസിസ്റ്റന്റ് ജിയോളജിസ്റ്റ്, മിനറൽ റവന്യൂ ഇൻസ്പെക്ടർ എന്നിവരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പരിശോധനക്കായി മൈനിംഗ് & ജിയോളജി വകുപ്പിന് ദക്ഷിണ മേഖല, മദ്ധ്യമേഖല, ഉത്തരമേഖല എന്നിങ്ങനെ മൂന്ന് മിനറൽ സ്ക്വാഡുകളും നിലവിലുണ്ട്. ഓരോക്വാറി ഉടമയും പൊട്ടിച്ച നീക്കം ചെയ്യുന്ന കരിങ്കല്ലിന്റെ കണക്കുകൾ ഓരോ മാസവും വർഷവും മൈനിംഗ് & ജിയോളജി വകുപ്പിന് സമർപ്പിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. |

ജില്ലാ ആഫീസുകളുടെയും മിനറൽ സ്ക്വാഡുകളുടെയും പരിശോധനകൾ നിരീക്ഷിക്കുന്നതിന് ഇപ്പോൾ സംവിധാനമില്ല.

(ഡി) സംസ്ഥാനത്ത് മണൽ ക്ഷാമം രൂക്ഷമാകുകയും പാറമണലിന്റെയും മെറ്റലിന്റെയും ഉപയോഗം വർദ്ധിക്കുകയും ചെയ്തിരിക്കുന്ന സാഹചര്യത്തിൽ പാറമടകളുടെയും ക്രഷറുകളുടെയും പ്രവർത്തനം സംബന്ധിച്ച് സർക്കാർ നയം രൂപീകരിച്ചിട്ടു ണ്ടോ; എങ്കിൽ ആയത് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ സർക്കാർ ഇതിന് തയ്യാറാകുമോ;

(ഡി) & (ഇ) ബഹു. സുപ്രീം കോടതിയുടെ 27/02/2012 ലെ, SLP(C)No.19628-19629 of 2009 ലെ IA No.12-13/11, ദീപക് കുമാർ Vs സ്റ്റേറ്റ് ഓഫ് ഹരിയാന കേസിലെ വിധി അനുസരിച്ച് കേന്ദ്ര ഖനി മന്ത്രാലയത്തിന്റെയും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലത്തിന്റെയും മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി KMMCR-1967 ൽ സമഗ്ര ഭേദഗതി വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ടി ഭേദഗതി നിർദ്ദേശങ്ങളിൽ സംസ്ഥാനത്തെ പാരിസ്ഥിതിക പ്രശ്നങ്ങൾ, ഖനിജഉൽപ്പന്നങ്ങളുടെ ദൗർലഭ്യം, കെട്ടിട നിർമ്മാണ വസ്തുക്കളുടെ രൂക്ഷമായ വിലക്കയറ്റം മുതലായ ഘടകങ്ങൾ പരിശോധിച്ചു വരുന്നു.

(ഇ) പ്രകൃതി സന്തുലിതാവസ്ഥ തന്നെ തകർക്കുന്ന രീതിയിലുള്ള പ്രവർത്തനം നടത്തുന്ന ക്രഷറുകൾക്കും പാറമടകൾക്കുമെതി രെ നടപടി എടുക്കാൻ കഴിയും വിധം ഈ മേഖലയിൽ പ്രവർത്തിക്കുന്നവരെയും, വിവിധ സംഘടനകളെയും വിളിച്ചുകൂട്ടി സർക്കാർ നയം രൂപീകരിക്കുകയും, അതിനനുസരിച്ചുള്ള കർശന വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ മാത്രം ക്രഷറുകളുടെയും മറ്റും പ്രവർത്തനം നടത്തുന്നതിനും നടപടി സ്വീകരിക്കുമോ?

സെക്ഷൻ ഓഫീസർ